**9.40-9.50**

**അനുബന്ധം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 333-ന്റെ മറുപടി

(എ) കാസർഗോഡ് പ്രവർത്തിച്ചിരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഭെൽ-ഇ.എം.എൽ.-ന്റെ 51% ഓഹരി വാങ്ങി ടി സ്ഥാപനത്തെ ഏറ്റെടുക്കാൻ 07-09-2019-ലെ സ.ഉ.(കൈ) നം. 78/2019/വ്യവ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ തീരുമാനിക്കുകയും 28-07-2021-ൽ ഇതുമായി ബന്ധപ്പെട്ട എഗ്രിമെന്റ് ഫോർ സെയിൽ ഒപ്പുവച്ചതിലൂടെ ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുകയും ചെയ്തു. കേന്ദ്രസർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ചിരുന്ന വെള്ളൂരിലെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ (HNL) ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടുണ്ട്. പാലക്കാടുള്ള ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് കേരള സർക്കാർ ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ചെയ്തുതീർക്കേണ്ട നടപടികൾ പൂർത്തിയാക്കിയെങ്കിലും കേരള സർക്കാർ സൗജന്യമായി നൽകിയ 123.12 ഏക്കർ ഭൂമിയുടെ വിലകൂടി നൽകണമെന്ന കേന്ദ്രസർക്കാരിന്റെ പുതിയ നിർദ്ദേശം കാരണം ഏറ്റെടുക്കൽ നടപടികൾ നീണ്ടുപോകുകയാണ്.

(ബി) രാജ്യത്തെ ഏറ്റവും വലിയ പെട്രോളിയം കമ്പനിയും മഹാരത്ന പദവിയുമുള്ള ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിനെ (ബി.പി.സി.എൽ.) കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കാൻ ഉദ്ദേശിക്കുന്ന കമ്പനികളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബി.പി.സി.എൽ.-നെയും അതിന്റെതന്നെ ഭാഗമായ കൊച്ചിൻ റിഫൈനറിയെയും സ്വകാര്യവത്കരിക്കാനുള്ള നീക്കത്തിൽനിന്ന് പിന്മാറണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 17/10/2019, 18/03/2020 എന്നീ തീയതികളിലെ കത്തുകളിലൂടെ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോടും ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയോടും ആവശ്യപ്പെട്ടിരുന്നു. കൊച്ചിൻ റിഫൈനറിയുടെ സ്വകാര്യവത്കരണവുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാർ തീരുമാനത്തിനെതിരെ ദേശീയ താല്പര്യവും സംസ്ഥാനത്തിന്റെ പ്രത്യേക താല്പര്യവും കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും നിർദ്ദിഷ്ട ഓഹരി വിറ്റഴിക്കൽ നടപടികളിൽനിന്നും കേന്ദ്ര സർക്കാർ അടിയന്തരമായി പിന്മാറണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 2019 നവംബർ 19-ാം തീയതി

കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കിയിട്ടുള്ളതും ആയത് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുമാണ്.

(സി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽത്തന്നെ നിലനിർത്തി കാര്യക്ഷമമായി പ്രവർത്തിപ്പിക്കത്തക്ക വിധത്തിൽ ശക്തിപ്പെടുത്തുന്ന നയസമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും നിലവിലെ സ്ഥിതിയും ഭാവി പദ്ധതികളെ സംബന്ധിച്ചും മൊത്തത്തിൽ അവലോകനം ചെയ്യുകയുണ്ടായി. സാങ്കേതിക രംഗത്ത് ഉൾപ്പെടെ സമസ്ത മേഖലകളിലും ഉണ്ടായികൊണ്ടിരിക്കുന്ന മാറ്റങ്ങളെ ഉൾകൊണ്ടുകൊണ്ട് സ്ഥാപനങ്ങൾ കൂടുതൽ മത്സരക്ഷമമാകേണ്ടതുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദന വിപണന സംവിധാനങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്താൻ ഓരോ സ്ഥാപനത്തിനും അനുയോജ്യമായ ആധുനികവത്കരണ, വിപുലീകരണ, വൈവിദ്ധ്യവത്കരണ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകളിന്മേൽ ഉന്നതതല നിർദ്ദേശങ്ങളും കമ്പനിയിലെ

ഉദ്യോഗസ്ഥരുടെയും യൂണിയൻ പ്രതിനിധികളുടെയും വിദഗ്ദ്ധരുടെയും അഭിപ്രായങ്ങളും പരിഗണിച്ച് പുതുക്കിയ മാസ്റ്റർ പ്ലാനുകൾ സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. മാസ്റ്റർ പ്ലാനുകൾ സർക്കാർ അംഗീകരിച്ച് കഴിഞ്ഞാൽ അതിനെ അടിസ്ഥാനമാക്കിയായിരിക്കും സ്ഥാപനങ്ങളുടെ വരുംവർഷങ്ങളിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നത്. വിപണിയിൽനിന്നും നേരിടുന്ന കടുത്ത മത്സരം അതിജീവിക്കത്തക്ക വിധത്തിൽ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ഉൽപ്പാദന സേവന സംവിധാനങ്ങളിൽ കാലാനുസൃതമായ നവീകരണ പ്രവർത്തനങ്ങൾ നടത്താൻ സർക്കാർ പ്രത്യേക ശ്രദ്ധ നൽകിവരുന്നുണ്ട്. ഇതിനായി പ്രത്യേക സാമ്പത്തിക സഹായം ബഡ്ജറ്റിൽ വകയിരുത്തി നൽകുന്നുണ്ട്. പ്രവർത്തന മൂലധനത്തിന് അപര്യാപ്തത നേരിടുന്ന സ്ഥാപനങ്ങൾക്ക് പ്രത്യേകം തുക ബഡ്ജറ്റിൽ വകയിരുത്തി നൽകുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ കൂടുതൽ കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരുടെ യോഗ്യത പുനർനിശ്ചയിച്ച് അതാത് മേഖലയിൽ

വിദഗ്ധരായവരെ കമ്പനി മേധാവികളായി കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് മുഖേന നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. കൂടാതെ, ഡയറക്ടർ ബോർഡുകളിൽ വിദഗ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിൽ ജീവനക്കാരുടെ നിയമനം സുതാര്യമായി നടത്തുന്നതിനായി പ്രത്യേകം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. കൂടാതെ സ്ഥാപന മേധാവികളുടെ കാര്യശേഷി വികസിപ്പിക്കുന്നതിനായി രാജ്യത്തെ മികച്ച മാനേജ്മെന്റ് സ്ഥാപനങ്ങളിൽ പരിശീലനം നൽകുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടേതുപോലെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കും വിവിധ പ്രവർത്തന ഘടകങ്ങളുടെയും പ്രവർത്തന മികവുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ വിവിധ കാറ്റഗറികളായി തിരിച്ച് കൂടുതൽ ഉത്തരവാദിത്തങ്ങൾ നൽകുന്നതിനുള്ള സാധ്യതകൾ സർക്കാർ പരിശോധിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പദ്ധതികൾ കൂടുതൽ സുതാര്യമായും സാങ്കേതിക മികവിലും

സമയബന്ധിതമായും പൂർത്തിയാക്കുന്നതിന് സഹായകരമായ മാനദണ്ഡങ്ങളും അത് നടപ്പിലാക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങളും സർക്കാരിന് സമർപ്പിക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആരോഗ്യകരമായ മത്സരക്ഷമത വളർത്തുന്നതിന്റെ ഭാഗമായി മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന പൊതുമേഖലാ സ്ഥാപനത്തിനും സ്ഥാപന മേധാവിക്കും മികച്ച പൊതുമേഖലാ ജീവനക്കാരനും അവാർഡ് ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശവും പരിഗണനയിലുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെയും സുതാര്യമാക്കുന്നതിന്റെയും ഭാഗമായി നൂതന ഇലക്ട്രോണിക് ഗവേണൻസ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.